"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ.കെ. ശശികുമാർ, മുൻ സെക്ഷൻ ക്ലാർക്ക് ശ്രീമതി. ചിത്ര വി. എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.352/2025/LSGD തീയതി,തിരുവനന്തപുരം, 04-02-2025

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 14/12/2018-ലെ PAN/26641/18-D1(DP) നമ്പർ കത്ത്.
2. സർക്കാരിന്റെ 24/07/2019-ലെ ഇപിബി3/5/2019/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. ശ്രീമതി. ചിത്ര വി സമർപ്പിച്ച 11/11/2019 -ലെ എതിർവാദ പത്രിക
4. പഞ്ചായത്ത് ഡയറക്ടറുടെ 07/08/2020-ലെ PAN/26641/18-D1(DP) നമ്പർ കത്ത്.
5. സ.ഉ.(സാധാ)നം. 444/2022/LSGD തീയതി 24/02/2022.
6. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13/06/2022 ലെ ഡിഡിപി-കെകെഡി/3525/2019-എ6 നമ്പർ കത്ത്
7. സർക്കാരിന്റെ 23/12/2023, 27/12/2023 തീയതികളിലെ ഇപിബി3/5/2019/തസ്വഭവ നമ്പർ പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃത നിർമാണം സംബന്ധിച്ച് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ സർക്കാർ ഉത്തരവുകൾക്കും സർക്കുലറുകൾക്കും വിരുദ്ധമായി ; നടപടിക്രമങ്ങൾ പാലിക്കാതെ 07.01.2016 ന് എ4-6742/15 നമ്പറായി, ശ്രീ. അബ്ദുള്ള പാറോത്ത് മുതൽ 10 പേരുടെ ഉടമസ്ഥതയിലുള്ള ഏറാമല വില്ലേജ് റീ.സ 139/3, നഞ്ച വിഭാഗത്തിൽപ്പെട്ട വസ്തുവിൽ 977.87 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുവേണ്ടിയുള്ള കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടുള്ളതായും പ്രസ്തുത ക്രമക്കേടിന് ഉത്തരവാദികളായ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന സേവനത്തിൽ നിന്ന് വിരമിച്ചിട്ടുള്ള ശ്രീ.കെ.കെ.ശശികുമാർ, സെക്ഷൻ ക്ലാർക്ക് ശ്രീമതി. വി.ചിത്ര എന്നിവർക്കെതിരെ കെ.എസ്.ആർ പാർട്ട് III ചട്ടം 3b പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുവാൻ പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിരുന്നു.

2. കൈവശാവകാശ രേഖ പ്രകാരം ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും നഞ്ച വിഭാഗത്തിൽപ്പെട്ടതുമായ ഭൂമിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണാനുമതി ആവശ്യപ്പെട്ട് 24/11/2015 ന് പഞ്ചായത്ത് ഓഫീസിൽ സമർപ്പിച്ച അപേക്ഷ എ4 സെക്ഷൻ ക്ലാർക്ക് വി.ചിത്ര തീയതി വയ്ക്കാതെ ഒപ്പിട്ടു കൈപ്പറ്റി എ4-6762/15 നമ്പറായി രജിസ്റ്റർ ചെയ്തിരുന്നുവെങ്കിലും ആയത് കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ ചേർക്കാത്തതും, സെക്ഷൻ ക്ലാർക്കോ എഞ്ചിനീയറിംഗ് വിഭാഗമോ മറ്റേതെങ്കിലും ഉദ്യോഗസ്ഥരോ എന്തെങ്കിലും വിധത്തിലുള്ള പരിശോധനയോ മറ്റോ നടത്തിയതായുള്ള റിപ്പോർട്ടോ ഉത്തരവോ ഇല്ലാതെയും, 07/01/2016 ന് സെക്ഷൻ ക്ലാർക് വി.ചിത്ര അപേക്ഷകനായ പാറോത്ത് അബ്ദുള്ള മുതൽ 10 പേരുടെ പേരിൽ നിന്ന് പെർമിറ്റ് ഫീസായി 5531/- രൂപ ഈടാക്കിയതും, പെർമിറ്റ് ഫീസ് ഈടാക്കിയ 07/01/2016 ന് തന്നെ കെട്ടിട ഉടമയുടെ കൈവശമുള്ള പെർമിറ്റും പ്ലാനും നൽകിയതും, വാങ്ങിയ പെർമിറ്റ് ഫീസ് കുറഞ്ഞു പോയതിനാൽ 09/02/2016 ന് കുറവ് വന്ന തുക ഈടാക്കിയതും ബന്ധപ്പെട്ടവരുടെ ഭാഗത്ത് നിന്നുള്ള അച്ചടക്ക രാഹിത്യവും അധികാര ദുർവിനിയോഗവും ആണെന്ന് കണ്ട് ഉത്തരവാദികളായ സെക്ഷൻ ക്ലർക്ക് ശ്രീമതി വി. ചിത്ര, സെക്രട്ടറിയുടെ ചാർജ്ജ് വഹിച്ച് അനുമതി നിൽകിയ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ.കെ. ശശികുമാർ എന്നിവർക്ക് കെ.എസ്.ആർ പാർട്ട് III ചട്ടം 3 (b) പ്രകാരം ടിയാളുകളുടെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 2 വർഷത്തേക്ക് കുറവ് ചെയ്യാൻ താൽക്കാലികമായി തീരുമാനിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

3. കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി ചിത്ര. വി. പരാമർശം (3) പ്രകാരം നൽകിയ മറുപടിയിൽ, കുറ്റപത്രത്തിൽ പരാമർശിച്ചിരിക്കും പ്രകാരം പരാമർശ അപേക്ഷ കൈപ്പറ്റിയിട്ടില്ലെന്നും സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരമാണ് നഞ്ച ഭൂമിയിലെ കെട്ടിട നിർമ്മാണ ഫയലുകളിൽ കുറിപ്പെഴുതാതിരുന്നത് എന്നും, പാർട്ട് ടൈം തസ്തികയിൽ നിന്നുള്ള സ്ഥാനക്കയറ്റമായിരുന്നതിനാൽ നിയമവശങ്ങളെ കുറിച്ച് ഗ്രാഹ്യം കുറവാണെന്നും, പരാമർശ അപേക്ഷ പ്രകാരം ആദ്യാവസാനം വരെയുള്ള നടപടികൾ സ്വീകരിച്ചത് സെക്രട്ടറിയുടെ ചാർജ്ജ് വഹിച്ചിരുന്ന ശ്രീ. കെ. കെ. ശശികുമാർ ആണെന്നും ബോധിപ്പിച്ചിരുന്നു. ടി മറുപടിയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ അഭിപ്രായ റിപ്പോർട്ടിൽ പ്രസ്തുത വാദം അംഗീകരിക്കത്തക്കതല്ലെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ശ്രീ. ശശികുമാർ മറുപടിയോ ആയതിന്മേലുള്ള റിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ലാത്തതാണ്. മേൽ സാഹചര്യത്തിൽ, ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന് കണ്ട് ടിയാളുകൾക്കെതിരെ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പരാമർശം (5) പ്രകാരം കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. അതനുസരിച്ച് പരാമർശം (6) പ്രകാരം ലഭ്യമാക്കിയ ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ അന്വേഷണ ഉദ്യോഗസ്ഥൻ ചുവടെ പറയുന്ന വിവരങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

*(i). ഏറാമല വില്ലേജ് റീ.സ 139/3, നഞ്ച വിഭാഗത്തിൽപ്പെട്ട വസ്തുവിൽ 977.87 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുവേണ്ടിയുള്ള കെട്ടിട നിർമ്മാണാനുമതിയ്ക്കായുള്ള ഭൂമി സംബന്ധമായ കൈവശ രേഖയില്ലാതെയുള്ള ശ്രീ.അബ്ദുള്ള പാറോത്തിന്റെ അപേക്ഷ സെക്ഷൻ ക്ലർക്ക് ശ്രീമതി ചിത്ര വി. തീയതി വയ്ക്കാതെ ഒപ്പിട്ട് കൈപ്പറ്റിയിട്ടുള്ളതാണ്. പ്രസ്തുത അപേക്ഷ സെക്ഷൻ ക്ലർക്ക് പെർമിറ്റ് രജിസ്റ്ററിൽ ചേർക്കുകയോ വിഷയം സംബന്ധിച്ച് യാതൊരു കുറിപ്പും ഫയലിൽ*

രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. യാതൊരു റിപ്പോർട്ടും പ്രസ്തുത ഫയലിൽ സെക്രട്ടറി ഉൾപ്പെടെ എഴുതിയതായി കാണുന്നില്ല. 07.01.2016 ന് ഫ്രണ്ട് ഓഫീസ് ചുമതല വഹിച്ചിരുന്ന സെക്ഷൻ ക്ലർക്ക് ശ്രീമതി ചിത്ര വി. അപേക്ഷകനായ ശ്രീ. അബ്ദുള്ള പാറോത്ത് മുതൽ പേരിൽ നിന്നും പെർമിറ്റ് ഫീസായി 5531/- രൂപ ഈടാക്കി. പ്രസ്തുത ദിവസം 07.01.2016 ന് തന്നെ സെക്രട്ടറിയുടെ അധിക ചുമതലയുള്ള അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ശശികുമാർ കെ.കെ കെട്ടിട നിർമ്മാണ അനുമതി അനുവദിച്ചിട്ടുണ്ട്. പെർമിറ്റ് ഫീസ് വാങ്ങിയതിൽ കുറവ് വന്ന തുക 1358/- രൂപ 09.02.2016 തീയതിയിൽ ഈടാക്കിയതായും കാണുന്നു. ശ്രീമതി.ചിത്ര വി. വാദിക്കുന്നതു പോലെ നഞ്ചയിൽ കെട്ടിട നിർമ്മാണത്തിനായി ലഭിക്കുന്ന എല്ലാ അപേക്ഷകളും അന്ന് തന്നെ സെക്രട്ടറിയുടെ ചുമതലയുള്ള അസിസ്റ്റന്റ് സെക്രട്ടറി ശശികുമാർ നിർദ്ദേശിച്ചതനുസരിച്ച് സെക്രട്ടറിയുടെ മേശപ്പുറത്ത് കൊണ്ട് വെക്കാറാണ് പതിവെന്ന വാദം പരിഗണിച്ചാലും അപേക്ഷ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും ഫയലിൽ സെക്ഷൻ ക്ലാർക്കെന്ന നിലയിൽ അഭിപ്രായം രേഖപ്പെടുത്തുന്നതിനും തടസ്സമായി കാണുന്നില്ല. കൂടാതെ, തന്റെ പേരിൽ ലോഗിൻ ചെയ്യാറുള്ളത് മറ്റാളുകളാണെങ്കിൽ തന്നെയും അന്നേ ദിവസം ഫ്രണ്ട് ഓഫീസ് കളക്ഷൻ ക്ലോസ് ചെയ്ത് ബന്ധപ്പെട്ട സെക്ഷനെ ഏൽപ്പിക്കുന്നതിന് മുമ്പായി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്തമുണ്ടെന്നും അപ്രകാരം നടപടി സ്വീകരിക്കുന്നതിൽ ടിയാന്റെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായിട്ടുണ്ടെന്ന് കാണുന്നു.

(ii). കെട്ടിട നിർമ്മാണ അപേക്ഷയിൽ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം എന്നീ ചട്ടങ്ങൾ പ്രകാരം സെക്രട്ടറി പരിശോധന നടത്തിയിട്ടില്ല. സെക്ഷൻ ക്ലർക്കിന്റെ റിപ്പോർട്ട്, സൂപ്പർവൈസറി തസ്തികയിലെ റിപ്പോർട്ട്, എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കാതെയും, സെക്രട്ടറിയുടെ തീരുമാനം ഫയലിൽ രേഖപ്പെടുത്താതെയും 07.01.2016 തീയതിയിൽ സെക്രട്ടറിയുടെ ചുമതല വഹിച്ച ശ്രീ. ശശികുമാർ കെ. കെ. പെർമിറ്റ് അനുവദിക്കുകയാണുണ്ടായത്. വില്ലേജ് രേഖകളിൽ നഞ്ച വിഭാഗത്തിൽപ്പെട്ടതും ഡാറ്റബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ വാണിജ്യ കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകാൻ 1967 ലെ ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ അല്ലാതെ യാതൊരു ഉത്തരവും നിലവിലുണ്ടായിരുന്നില്ല. പ്രസ്തുത സ്ഥലം ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതും ഏതാണ്ട് 35 വർഷത്തിലധികം പ്രായമുള്ള ഫല വൃക്ഷങ്ങൾ ഉള്ള ഭൂമിയായിരുന്നു എന്നതിനാലാണ് പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയതെന്നും, മറ്റ് നിയമ വശങ്ങൾ, സാങ്കേതിക കാര്യങ്ങൾ എന്നിവ പരിശോധിക്കാൻ സാധിക്കാതിരുന്നത് അറിവില്ലായ്മ കൊണ്ടാണെന്നും ഔപചാരിക അന്വേഷണ വേളയിൽനേരിട്ട് ഹാജരാകാതെ ശ്രീ. കെ.കെ. ശശികുമാർ മറുപടി എഴുതി ലഭ്യമാക്കിയിരുന്നത് തികഞ്ഞ ലാഘവത്തോടെയാണ്. വിഷയത്തിൽ സെക്രട്ടറിയുടെ ചുമതല നിർവ്വഹിക്കുന്നതിന് സഹായിക്കുന്നതിന് സെക്ഷൻ ക്ലർക്ക്, ഹെഡ് ക്ലർക്ക്, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെല്ലാം ഉണ്ടായിരിക്കെ, ഇവരുടെ സേവനങ്ങളൊന്നും തേടാതെ സ്വന്തം നിലയിൽ പെർമിറ്റ് അനുവദിച്ച ടിയാന്റെ പ്രവൃത്തി ബോധപൂർവ്വമായിരുന്നെന്നും അധികാര ദുർവ്വിനിയോഗമാണെന്നും വിലയിരുത്തുന്നു. തന്റെ ഭാഗത്ത് നിന്നും ബോധപൂർവ്വമായ അധികാര ദുർവിനിയോഗം ഉണ്ടായിട്ടുണ്ടെന്ന് ബോധ്യമുള്ളതിനാലാണ് കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ മറുപടിയൊന്നും ബോധിപ്പിക്കാതിരുന്നതെന്നും, പിന്നീട് ഔപചാരിക അന്വഷണ വേളയിൽ ഹാജരാകാൻ ആവശ്യപ്പെട്ടിട്ടും ഹാജരാകാതെ മറുപടി എഴുതി നൽകുകയായിരുന്നു.

(iii). മേൽ പ്രകാരം കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ സർക്കാർ ഉത്തരവുകൾക്കും സർക്കുലറുകൾക്കും വിരുദ്ധമായി നടപടിക്രമങ്ങൾ പാലിക്കാതെ 07.01.2016 ന് എ4-6742/15 നമ്പറായി, ശ്രീ. അബ്ദുള്ള പാറോത്ത് മുതൽ 10 പേരുടെ ഉടമസ്ഥതയിലുള്ള ഏറാമല വില്ലേജ് റീ.സ 139/3, നഞ്ച

*വിഭാഗത്തിൽപ്പെട്ട വസ്തുവിൽ 977.87 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുവേണ്ടിയുള്ള കെട്ടിട നിർമ്മാണ അനുമതി നൽകിയതിൽ ബന്ധപ്പെട്ട വകുപ്പ് കൈകാര്യം ചെയ്തിരുന്ന സെക്ഷൻ ക്ലർക്ക് ശ്രീമതി ചിത്ര വി., നിർമ്മാണാനുമതി നൽകിയ സെക്രട്ടറിയുടെ ചാർജ്ജ് വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ശശികുമാർ കെ.കെ. എന്നിവരുടെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടായിട്ടുണ്ട്.*

4. കുറ്റക്കാർക്കെതിരെ ഉന്നയിക്കുന്ന ആരോപണ വിധേയമായ സംഭവം നടന്ന് നാല് വർഷത്തിനകം മാത്രമേ കെ എസ് ആർ പാർട്ട് III ചട്ടം 3(ബി) പ്രകാരം നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്നിരിക്കെ മേൽ കേസിനാസ്പദമായ സംഭവം നടന്നത് 2016-ൽ ആയതിനാൽ കെ എസ് ആർ പാർട്ട് III ചട്ടം 3(ബി) പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസ് റദ്ദ് ചെയ്ത് കെ എസ് ആർ പാർട്ട് III ചട്ടം 59(ബി) പ്രകാരം ശ്രീ.ശശികുമാറിൽ നിന്നും 200/- രൂപയും ശ്രീമതി ചിത്ര വി-യിൽ നിന്ന് 100/- രൂപയും ടിയാളുകളുടെ പ്രതിമാസ പെഷൻഷനിൽ നിന്നും ആജീവനാന്തം കുറവു ചെയ്യാൻ തീരുമാനിച്ച് പരാമർശം (7) പ്രകാരം പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് നൽകി ടിയാളുകളെ നേരിൽ കേൾക്കാൻ നിശ്ചയിച്ചിരുന്നു. എന്നാൽ പ്രസ്തുത ഹിയറിംഗിൽ ശ്രീ . ശശികുമാർ ഹാജരാകുകയോ പ്രതിവാദം എഴുതി നൽകുകയോ ചെയ്തിരുന്നില്ല. ഹിയറിംഗിൽ ഹാജരായ ശ്രീമതി ചിത്ര വി. ഇതു സംബന്ധിച്ച് മുമ്പ് എഴുതി നൽകിയതും അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ നേരിട്ട് ബോധിപ്പിച്ചതുമായ കാര്യങ്ങൾ ആവർത്തിക്കുകയും തനിക്കെതിരെ നിശ്ചയിച്ച അച്ചടക്ക നടപടി ശിക്ഷ ഒഴിവാക്കി തീർപ്പാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുള്ളതാണ്.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഏറാമല വില്ലേജ് റീ.സ. 139/3, നഞ്ച വിഭാഗത്തിൽപ്പെട്ട വസ്തുവിൽ 977.87 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുവേണ്ടിയുള്ള കെട്ടിട നിർമ്മാണത്തിന് അവശ്യം വേണ്ട സെക്ഷൻ ക്ലർക്കിന്റെ റിപ്പോർട്ട്, സൂപ്പർവൈസറി തസ്തികയിലെ റിപ്പോർട്ട്, എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടു-കളുടെ അഭാവത്തിൽ അനുമതി നൽകിയതിൽ സെക്രട്ടറിയുടെ ചാർജ്ജ് വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ. കെ.കെ. ശശികുമാർ -ന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ചയുണ്ടായതായി ബോധ്യമായിട്ടുണ്ട്. ആയത് സംബന്ധിച്ച കാരണം കാണിക്കൽ നോട്ടീസിന്മേൽ പ്രതിവാദം ബോധിപ്പിക്കുന്നതിന് ഹിയറിംഗ് സമയത്ത് അവസരമുണ്ടായിട്ടും പ്രസ്തുത ഹിയറിംഗിൽ പങ്കെടുത്ത് ആയത് നേരിൽ ബോധിപ്പിക്കുന്നതിന് ടിയാൾ ശ്രമിക്കാത്തത് ടിയാളുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ടെന്നുള്ളതിന് ആക്കം കൂട്ടുന്നു. കൂടാതെ നിയമ വശങ്ങൾ സാങ്കേതിക കാര്യങ്ങൾ എന്നിവ പരിശോധിക്കാൻ സാധിക്കാതിരുന്നത് മനഃപൂർവ്വമല്ലെന്നും അറിവില്ലായ്മ കൊണ്ടാണെന്നുമുള്ള വാദം, നിരവധി വർഷം ക്ലർക്ക് തസ്തികയിലിരുന്നതിന് ശേഷം സൂപ്പർവൈസറി തസ്തികയിൽ പ്രവേശിച്ച് നിർവ്വഹണോദ്യോഗസ്ഥനായി മാറിയ അസിസ്റ്റന്റ് സെക്രട്ടറിയുടെ നിരുത്തരവാദിത്തമാണ് വെളിപ്പെടുത്തുന്നത്. എന്നാൽ, നഞ്ച ഭൂമിയിലെ കെട്ടിട നിർമ്മാണ അപേക്ഷകൾ സംബന്ധിച്ച ഫയലിൽ കുറിപ്പെഴുതാതിരുന്നത് സെക്ഷൻ ക്ലർക്ക് ശ്രീമതി ചിത്ര വി.-യുടെ വീഴ്ചയും കൃത്യ വിലോപവുമാണെങ്കിലും പാർട്ട് ടൈം തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചതിന് ശേഷം ബൈട്രാൻസ്ഫറിലൂടെ ക്ലറിക്കൽ തസ്തികയിൽ സേവനത്തിൽ വന്ന ടിയാൾ മേലുദ്യോഗസ്ഥന്റെ നിർദ്ദേശം അനുസരിച്ചാണ് നഞ്ച ഭൂമിയിലെ കെട്ടിട നിർമ്മാണ അപേക്ഷകളിൽ കുറിപ്പെഴുതാതിരുന്നത് എന്ന വിശദീകരണം ഭാഗികമായി അംഗീകരിക്കാമെന്നും ബോധ്യമായിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ, കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്ത് പരിധിയിൽ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ സർക്കാർ ഉത്തരവുകൾക്കും സർക്കുലറുകൾക്കും വിരുദ്ധമായി നടപടിക്രമങ്ങൾ പാലിക്കാതെ കെട്ടിട നിർമ്മാണാനുമതി നൽകിയതുമായി ബന്ധപ്പെട്ട് ഏറാമല ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ്

സെക്രട്ടറിയായിരുന്ന ശ്രീ. കെ.കെ.ശശികുമാർ, സെക്ഷൻ ക്ലർക്ക് ശ്രീമതി ചിത്ര വി. എന്നിവർക്കെതിരെ കെ എസ് ആർ പാർട്ട് 3 ചട്ടം 59(ബി) പ്രകാരം, ടിയാളുകളുടെ പ്രതിമാസ പെൻഷനിൽ നിന്നും യഥാക്രമം 200/- (ഇരുന്നൂറ് രൂപ മാത്രം), 100/- (നൂറ് രൂപ മാത്രം) രൂപ വീതം ആജീവനാന്തം കുറവു വരുത്തുവാൻ എടുത്ത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ടിയാളുകൾക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
3. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (*തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).*
4. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കോഴിക്കോട്.
5. വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്, IKM .
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഇപിബി3/5/2019/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 05-02-2025 12:32:19
സെക്ഷൻ ഓഫീസർ